## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2370** **18.12..2012 ലെ മറുപടിയ്ക്ക്**

### അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്ന അന്യ സംസ്ഥാനക്കാർ

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളെയും വ്യക്തികളെയും നിയന്ത്രിക്കാൻ എന്ത് നിയമമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെയും, വ്യക്തികളെയും നിയന്ത്രിക്കുവാൻ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ഓർഡിനൻസും, കേരളത്തിലെ മണിലെൻഡർമാർ അമിത പലിശ ഈടാക്കുന്നത് നിയന്ത്രിക്കുവാൻ 1958 -ലെ കേരള മണിലെൻഡേഴ്സ് ആക്ടും നിലവിലുണ്ട്. |
| (ബി) | ഇത് നടപ്പാക്കേണ്ട ഉദ്യോഗസ്ഥർ ആരാണെന്നും ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | വാണിജ്യനികുതിവകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കേരള മണി ലെൻഡേഴ്സ് ആക്ട്, 1958 പ്രകാരം വാണിജ്യനികുതിവകുപ്പിലെ ഇൻസ്പെക്റ്റിങ് അസിസ്റ്റന്റ് കമ്മീഷണർമാരാണ് ലൈസൻസിങ് അതോറിറ്റി. ടി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരമുള്ള പലിശയേക്കാൾ കൂടുതൽ പലിശ ഒരു മണി ലെൻഡർ ഈടാക്കുകയാണെങ്കിൽ, മണി ലെൻഡർക്കെതിരെ പ്രസ്തുത നിയമത്തിലെ 18 ഡി വകുപ്പ് പ്രകാരമുള്ള പിഴ നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ഓർഡിനൻസിലെ 3-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ച് അമിത പലിശ ഈടാക്കുന്ന മണി ലെൻഡേഴ്സ് ഉൾപ്പെടെ ഏതൊരാളിനും, കുറ്റ സ്ഥാപനത്തിന്മേൽ മൂന്നുവർഷംവരെയാകാവുന്ന കാലയളവിലേക്കുള്ള തടവും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയും ശിക്ഷ ലഭിക്കുന്നതാണ്. |
| (സി) | വ്യക്തികൾക്ക് ലൈസൻസ് ഇല്ലാതെ പണമിടപാട് നടത്താൻ സ്വാതന്ത്ര്യമുണ്ടോ; എങ്കിൽ ഇവർക്ക് ഈടാക്കാവുന്ന പരമാവധി പലിശ എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | പണമിടപാട്, തൊഴിലായോ ബിസിനസ്സായോ നടത്തുന്ന ഏതൊരു വ്യക്തിയും കേരള മണി ലെൻഡേഴ്സ് ആക്ടിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. കേരള മണി ലെൻഡേഴ്സ് ആക്ട് 1958 വകുപ്പ് 7(1) പ്രകാരം ഒരു മണിലെൻഡറും |

| | | | |
|---|---|---|---|
| | | | കൊമേഴ്സ്യൽ ബാങ്കുകൾ നൽകുന്ന ലോണു കൾക്ക് ഈടാക്കുന്ന പരമാവധി പലിശ നിരക്കിനേക്കാൾ രണ്ട് ശതമാനത്തിൽ കൂടു തൽ പലിശ ഈടാക്കുവാൻ പാടില്ല. |
| (ഡി) | ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽ ചെന്ന് അമിത പലിശയ്ക്ക് പണം കടംകൊടുക്കുന്ന അന്യ സംസ്ഥാനക്കാരായ പലിശക്കാരുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ എന്ത് നടപടി സ്വീക രിക്കും എന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടംകൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടംകൊടു ക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാ ക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്ന കേരള പ്രൊഹിബിഷൻ ഓഫ് ചാർജ്ജിംഗ് എക്സോർബിറ്റന്റ് ഇന്ററസ്റ്റ് ഓർഡിനൻസ്, 2012 പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.